# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ റ്റി 1858 — 07/12/2015-ന് മറുപടിക്ക്

**മലയാളം ഭരണഭാഷ**

**ചോദ്യം**
ശ്രീ. എം.ഉമ്മർ

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഭരണഭാഷയാക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ താലൂക്ക് തലത്തിലും ജില്ലാതലത്തിലും ഉണ്ടായിരുന്ന സംവിധാനം നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) യും (ബി) യും | ജില്ലാ കളക്ടർ അധ്യക്ഷനായുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടക്കുന്നില്ലെന്നും റവന്യൂ വകുപ്പ് അധികാരികളായ ജില്ലാ കളക്ടർമാരുടെയും തഹസീൽദാർ മാരുടെയും ഔദ്യോഗിക തിരക്കുകൾ ഇതിന് പ്രധാന കാരണമാകുന്നുണ്ടെന്നും സർക്കാർ വിലയിരുത്തിയിരുന്നു. ഇതിനെത്തുടർന്ന് മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നതു സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി കാര്യക്ഷമമായി പ്രവർത്തിക്കാത്ത മേൽപ്പറഞ്ഞ സമിതികളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും പകരം വകുപ്പുതല മേധാവിയെ അധ്യക്ഷനായും വകുപ്പിലെ മേഖലാ ജില്ലാതല മേധാവികളെ അംഗങ്ങളായും അധ്യക്ഷനു തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക ഭാഷ സംബന്ധിച്ച |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വകുപ്പുതല ഏകോപന സമിതിയും വകുപ്പിലെ ജില്ലാതല മേധാവിയെ അധ്യക്ഷനായും വകുപ്പിന്റെ ജില്ലയിലെ മറ്റ് കീഴ് ഓഫീസ് തലവൻമാരെ അംഗങ്ങളാക്കിയും ജില്ലാ ഓഫീസിലെ ജില്ലാ മേധാവികളുടെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥനെ കൺവീനറായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല ഔദ്യോഗികഭാഷാ സമിതിയും രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഭരണഭാഷാ നിയമം പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും ആയത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ ? | (സി) | മലയാളഭാഷാ നിയമത്തിന്റെ കരട് ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ